(Pages : 4) **R – 6750**

Reg. No. : .............................

Name : .................................

## Second Semester B.A./B.Sc./B.Com. Degree Examination, April 2023

## First Degree Programme under CBCSS

## Double Main Programme

## Malayalam

## Language Course II – Additional Language

## ML 1211.3 : ദൃശ്യകലാസാഹിത്യം

## (2021 Admission)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും **1** മാർക്ക് വീതം.

1. നളചരിതം ആട്ടക്കഥയ്ക്ക് ഏ.ആർ. രാജരാജവർമ്മ എഴുതിയ വ്യാഖ്യാനത്തിന്റെ പേരെഴുതുക.

2. 'ഘോഷയാത്ര' ഏതു തുള്ളൽവിഭാഗത്തിൽ പെടുന്നു ?

3. ദാവീദുരാജാവിനെ കേന്ദ്രകഥാപാത്രമാക്കി മലയാളത്തിൽ എഴുതപ്പെട്ട നാടകമേത് ?

4. അഭിജ്ഞാനശാകുന്തളം നാടകം ആദ്യമായി മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്തതാര് ?

5. 'കണ്ണാന്തളിപ്പൂക്കളുടെ കാലം' എന്ന ഓർമ്മക്കുറിപ്പ് എഴുതിയതാര്?

6. എപ്പിക് നാടകശൈലിയിൽ സി.ജെ. തോമസ് രചിച്ച പരീക്ഷണനാടകമേത്?

7. 'ഓപ്പോൾ' എന്ന സിനിമയിൽ ഗോവിന്ദൻകുട്ടി എന്ന കഥാപാത്രത്തെ അവതരിപ്പിച്ച നടൻ ആര്?

8. 'സ്കൂൾ ഓഫ് ഡ്രാമ' എവിടെ സ്ഥിതിചെയ്യുന്നു?

P.T.O.

St. Xaviers College Library

9. IPTA - പൂർണ്ണരൂപമെഴുതുക.

10. ''എരിതീയിൽ പതിതനായ് വരിക വഞ്ചകനവൻ'' - ആരുടെ വാക്കുകൾ? 'വഞ്ചകൻ' ആര്?

**(10 × 1 = 10 Marks)**

II. **അമ്പതു** വാക്കിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. ''ഒരു നാളും നിരൂപിതമല്ലേ ഉദന്തമി-
തൊരുനാളും നിരൂപിതമല്ലേ''
- ആരുടെ വാക്കുകൾ? 'ഉദന്ത'മെന്ത്?

12. ''കണ്ണുള്ളത് തുറക്കാൻ മാത്രമല്ല. അടയ്ക്കാൻ കൂടിയാണ്'' - ആരുടെ വാക്കുകൾ? സന്ദർഭമേത്?

13. ''നഞ്ചുകലക്കണമിടത്തിൽ പല
വഞ്ചോലകളിലെ വാരിയിലെല്ലാം''
- സന്ദർഭമെഴുതുക.

14. ''മുജ്ജന്മങ്ങളിലുള്ള വേഴ്ച വെളിവാ-
യുൾബ്ബോധമില്ലാതെതാ-
നിജ്ജീവൻ നിജവാസനാബലവശാ-
ലോർമിക്കയാലാകണം''
- ആശയവും സന്ദർഭവും വ്യക്തമാക്കുക.

15. പ്രഹസനം എന്നാലെന്ത്?

16. 'നിങ്ങടെ വീടുകളിലെ മാറ്റലക്ക്ണ വണ്ണാത്തിതന്നെയാണ് അവടീം വരാറ്' - ആരുടെ വാക്കുകൾ? സന്ദർഭമേത്?

17. ''രാജകല്പനയ്ക്കു വിരുദ്ധമായി പ്രവർത്തിക്കാൻ ഒരു പ്രജയും ഇഷ്ടപ്പെടുകയില്ല.'' കല്പന എന്ത്?

18. 'തിരക്കഥ' എന്നാൽ എന്ത്?

19. 'ചവിട്ടുനാടകം' - കുറിപ്പെഴുതുക.

20. ''വാതിച്ചോർക്കും പ്രാണാപായേ
ജാതിച്ചോദ്യം വേണ്ടാ തൊടുവാൻ''
- ആരുടെ വാക്കുകൾ? സന്ദർഭമെഴുതുക.



St. Xaviers College Library

21. ''യക്ഷികളേ ഭയമില്ല കുരയ്ക്കും-
പട്ടികടിക്കില്ലെന്നു പ്രസിദ്ധം''
- സന്ദർഭം വിശദമാക്കുക.

22. ''എന്റെ ഗാനം നിന്നുപോയി. എന്റെ ജീവിതം ഉണങ്ങിപ്പോയി. ഞാനിന്നൊരു മരുഭൂമിയാണ്'' - സന്ദർഭമെഴുതുക.

23. ജാനു ദൈവത്തെ കണ്ട നുണക്കഥ അപ്പു പൊളിക്കുന്നതെങ്ങനെ?

24. ''പ്രാണരക്ഷണത്തിനൊന്നില്ലാ പ്രത്യുപകാരം'' - ആരുടെ വാക്കുകൾ? സന്ദർഭമേത്?

25. മാർഗ്ഗംകളി - കുറിപ്പെഴുതുക.

26. എം.ടി. വാസുദേവൻ നായർ രചിച്ച നാലു തിരക്കഥകളുടെ പേരെഴുതുക.

**(8 × 2 = 16 Marks)**

III. **നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

27. ''മരത്തിനിടയിൽ കാണാമേ സു
ന്ദരത്തിനുടെ സാദൃശ്യേയം''
- സന്ദർഭം വിശദമാക്കി വർണ്ണനയുടെ ദൃശ്യാനുഭവം വ്യക്തമാക്കുക.

28. അപമാനവും ഭയവും അപ്പുവിന്റെ ബാല്യത്തെ ദുഃസ്വപ്ന സങ്കലിതമാക്കിയതെങ്ങനെയാണ് എം.ടി. ആവിഷ്കരിക്കുന്നത്?

29. ''യഹോവയാണേ ഇതു ചെയ്തവൻ മരണയോഗ്യൻ'' - സന്ദർഭവും സൂചിതവും വിശദമാക്കുക.

30. ''ആണുങ്ങൾക്കു പിറന്നവരെങ്കിൽ
പ്രാണൻകളവിൻ നമ്മുടെ നേരേ''
- സന്ദർഭം വിവരിക്കുക.

31. ''രാജശ്രീ കുടയെന്നപോലെ തനിയേ
ദണ്ഡം വഹിക്കേണ്ടുകിൽ
പ്രാജ്യശ്രാന്തിയെയാണു നല്കുവതഹോ!
വിശ്രാന്തിയേക്കാളുമേ''
- ആശയവും സന്ദർഭവും വിശദമാക്കുക.

32. മലയാളത്തിലെ സംഗീതനാടകങ്ങളുടെ ചരിത്രമെഴുതുക.



St. Xaviers College Library

33. ''പുല്ലുകൊണ്ടു മറഞ്ഞ കിണറുപോലെ ധർമ്മച്ചട്ടയിട്ടു മുറുക്കിയ അങ്ങേടെ മട്ടു മറ്റാരെങ്കിലും കാട്ടുമോ?'' - സന്ദർഭം വിശദമാക്കുക.

34. ''ധൂർത്തനല്ല ദൃഢമാർത്തബന്ധുവത്രേ
മൂർത്തിയും മൊഴിയുമൊരുപോലെ'' - ഈ പരാമർശം ആരെക്കുറിച്ച്? സന്ദർഭമെഴുതുക.

35. ''എന്റെ കയ്പുള്ള പാനീയം ഞാൻ കുടിച്ചു തീർക്കും'' - സന്ദർഭവും കഥാപാത്രത്തിന്റെ ധർമ്മബോധവും വിശദമാക്കുക.

36. ''കുമുദമേ ശിശിരാംശു വിടർത്തിടൂ;
കമലമേ ദിനനാഥനുമങ്ങനെ,
പരപരിഗ്രഹബന്ധമശേഷവും
പരിഹരിപ്പവരാണു ജിതേന്ദ്രിയർ'' - വിശദമാക്കുക.

37. 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകം ട്രാജഡിയാണോ എന്നു പരിശോധിക്കുക.

38. ''നിനച്ചവണ്ണമല്ല ദൈവമാർക്കുമേ'' - സന്ദർഭവും ഈ വാക്യത്തിന്റെ ഔചിത്യവും വ്യക്തമാക്കുക.

**(6 × 4 = 24 Marks)**

IV. **മുന്നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

39. നാടകലക്ഷണമെഴുതി മലയാളനാടകത്തിന്റെ വളർച്ച വിലയിരുത്തുക.

40. കഥാപാത്രസൃഷ്ടിയിൽ നളചരിതകാരന്റെ മികവ് കാട്ടാളൻ, സാർത്ഥവാഹകപ്രമാണി എന്നിവരെ മുൻനിർത്തി വിശദമാക്കുക.

41. കുഞ്ചൻ നമ്പ്യാർകൃതികളിലെ കേരളീയത ഘോഷയാത്ര തുള്ളലിനെ അടിസ്ഥാനമാക്കി വിലയിരുത്തുക.

42. ദുഷ്യന്തന്റെ കഥാപാത്രസൃഷ്ടിയിലൂടെ നാടകീയതയുടെ പാരമ്യത്തിലേയ്ക്ക് അഞ്ചാമങ്കം ഉയരുന്നു. നിരൂപിക്കുക.

43. തിരക്കഥാരചനയിൽ എം.ടി.യ്ക്കുള്ള മികവ് 'ഓപ്പോൾ' എന്ന തിരക്കഥയെ മുൻനിർത്തി ചർച്ച ചെയ്യുക.

44. പ്രണയവും അധികാരവും ദാവീദ് എന്ന മനുഷ്യനെ തികഞ്ഞ ദുരന്തനായകനാക്കുന്നു. ഈ അഭിപ്രായം പരിശോധിക്കുക.

**(2 × 15 = 30 Marks)**

St. Xaviers College Library